## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1547 02.07.2015 ൽ മറുപടിയ്ക്ക്

## റബ്ബറിന് താങ്ങുവില

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റബ്ബറിന്റെ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ; | (എ) റബ്ബർ വിലയിടിവ് മൂലം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി, തീയതി 25.02.2014 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ്, എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. ഒന്നാം ഘട്ട റബ്ബർ സംഭരണത്തിൽ സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6/- രൂപ കൈകാര്യച്ചെലവ് അനുവദിക്കുന്നതിനായി സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യത പരമാവധി 6 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട്, കൃഷി, സഹകരണ വകുപ്പുകൾ 2:1 എന്ന അനുപാതത്തിൽ തുക കണ്ടെത്തുകയും, കൃഷി വകുപ്പിന്റെ വിഹിതമായ 4 കോടി രൂപ, വില സ്ഥിരതക്കു വേണ്ടി വിപണി ഇടപെടൽ എന്ന ശീർഷകത്തിൽ നിന്നും 2013-14-ൽ തന്നെ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2/- രൂപ കൂടുതൽ നൽകി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ സ.ഉ(എം.എസ്)നം.232/2014/കൃഷി തീയതി 13.10.2014 പ്രകാരം RSS-5 |

ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരണം നടത്തുന്നതിനുള്ള ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ. (എം.എസ്)നം.254/2014/കൃഷി, തീയതി 06.11.2014 പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചു കൊണ്ട് റബ്ബർ സംഭരണം അടിയന്തിരമായി പുനരാരംഭിക്കുന്നതിനായി സ.ഉ. (എം.എസ്) നം.176/2014/കൃഷി, തീയതി 16.08.2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതി' പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും, റബ്ബർമാർക്കിനും അനുവദിച്ചു നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) നം.304/2014/കൃഷി, തീയതി 15.12.2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6/- രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് 9/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ. (എം.എസ്)41/2015 തീയതി 11.03.2015 പ്രകാരം കൃഷി വകുപ്പിന്റെ വില സ്ഥിരതക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ

ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കറവ് എന്ന നിരക്ക്, കേന്ദ്രസർക്കാർ തീരുമാനമായിട്ടുണ്ട്.

(ബി) റബ്ബറിന് താങ്ങുവില നൽകി എത്ര ടൺ റബ്ബറാണ് കഴിഞ്ഞ മൂന്നു വർഷം സംഭരിച്ചതെന്ന് വ്യക്തമാക്കാമോ ; സർക്കാർ പ്രഖ്യാപിച്ച താങ്ങുവില എത്രയാണ്; ഏതൊക്കെ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത് ; ഓരോ ഏജൻസിയും എത്രവീതം സംഭരിച്ചു; ഇതിനായി ഓരോ ഏജൻസിക്കും സർക്കാർ നൽകിയ തുക എത്ര; വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

സ.ഉ.(എം.എസ്)നം.56/2014/കൃഷി തീയതി 25.02.2014 പ്രകാരം, റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2/- രൂപ കൂടുതൽ നൽകി RSS-4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. തുടർന്ന് സം.ഉ.(എം.എസ്) നം.232/2014/കൃഷി തീയതി 13.10.2014 പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരണം നടത്തിയിട്ടുണ്ട്. എന്നാൽ തുടർന്ന് സ.ഉ.(എം.എസ്) നം.254/2014/കൃഷി, തീയതി 06.11.2014 പ്രകാരം റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണം നടത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

2014 ഡിസംബർ വരെ റബ്ബർമാർക്ക് 805.248 ടൺ റബ്ബറും മാർക്കറ്റ് ഫെഡ് 422.623 ടൺ റബ്ബറും സംഭരിച്ചിട്ടുണ്ട്.

2013-14 ൽ റബ്ബർ സംഭരണത്തിനുള്ള കൈകാര്യച്ചെലവ്, സംഭരണ ഏജൻസികൾക്ക് നൽകുന്നതിനായി കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 4 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത

പദ്ധതി പ്രകാരം 2014-15 ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി 6 കോടി രൂപ വീതം റബ്ബർമാർക്കിനും മാർക്കറ്റ് ഫെഡിനും നൽകിയിട്ടുണ്ട്.

റബ്ബർ കർഷകരെ രക്ഷിക്കാനായി റബ്ബർ സംഭരണവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് 5 കോടി രൂപയും റബ്ബർ സംഭരണ കൈകാര്യ ചെലവിനത്തിൽ 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) റബ്ബർ സംഭരണം ഇടയ്ക്കുവെച്ച് ഏതെങ്കിലും ഏജൻസികൾ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുണ്ടായ സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കുമോ; എന്നു മുതലാണ് നിർത്തിവെച്ചത്; ആയത് വീണ്ടും പുനരാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) ഉണ്ട്. 2014 മാർച്ച് 3ന് ആരംഭിച്ച റബ്ബർ സംഭരണം റബ്ബർ വാങ്ങുന്നതിനുള്ള ഫണ്ടിന്റെ അഭാവം മൂലം 31.03.2014 ൽ നിർത്തിവച്ചിരുന്നു. സർക്കാർ ഫണ്ട് ലഭ്യമാക്കിയതോടെ 2014 സെപ്റ്റംബർ 1 ന് സംഭരണം പുനരാരംഭിച്ച് ഡിസംബർ 12 വരെ തുടരുകയുണ്ടായെങ്കിലും തുടർന്ന് സംഭരണം നടത്താൻ ഫണ്ട് ലഭ്യമല്ലാത്തതിനാൽ റബ്ബർമാർക്ക് റബ്ബർ സംഭരണം നിർത്തിവച്ചിരിക്കുകയാണ്. മാർക്കറ്റ് ഫെഡും 19.12.2014 മുതൽ റബ്ബർ സംഭരണം നിറുത്തിവച്ചിരിക്കുകയാണ്. |
| (ഡി) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽ നിന്നും സഹായമനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ഡി) റബ്ബർ വിലയിടിവ് തടയുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഇടപെടലിനായി സംസ്ഥാന സർക്കാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിൽ സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന ആവശ്യവും ഉൾപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച്, റബ്ബർ ഉൾപ്പെടെയുള്ള എല്ലാ ഉല്പന്നങ്ങൾക്കും വില സ്ഥിരത ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനും തദ്ദേശിയമായി റബ്ബറിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെ ; വ്യക്തമാക്കാമോ ; | (ഇ) | റബ്ബറിന്റെ ഇറക്കുമതി തടയുക, സ്വാഭാവിക റബ്ബറിന്റെ ഉപയോഗം റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക, ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുക, റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.<br>സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് ഇപ്പോൾ 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്രസർക്കാർ തീരുമാനമായിട്ടുണ്ട്. |
| (എഫ് | റബ്ബർ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി അവർ എടുത്തിട്ടുള്ള എല്ലാത്തരം ബാങ്ക് വായ്പകൾക്കും മോറട്ടോറിയം പ്രഖ്യാപിക്കാൻ തയ്യാറാകുമോ ; | (എഫ്) | ഇപ്പോൾ പരിഗണനയിലില്ല |
| (ജി) | റബ്ബറിന് ഇപ്പോൾ പ്രഖ്യാപിച്ച കിലോയ്ക്ക് 150 രൂപ പ്രകാരമുള്ള താങ്ങുവിലയനുസരിച്ച് റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികളെയാണ് ഇതിനായി ചുമതലപ്പെടുത്തി യിട്ടുള്ളത്; ഇല്ലെങ്കിൽ എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ജി) | റബ്ബറിന് ഇപ്പോൾ പ്രഖ്യാപിച്ച കിലോയ്ക്ക് 150 രൂപ പ്രകാരമുള്ള സംഭരണം ആരംഭിച്ചിട്ടില്ല. |

Reene

സെക്ഷൻ ഓഫീസർ